**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2263** **08/07/2015-ൽ മറുപടിക്ക്**

## ക്യാൻസർ രോഗം അതിവേഗം പടർന്നുപിടിക്കുന്ന സാഹചര്യം

**ചോദ്യം**
ശ്രീ.എം. ഹംസ

**മറുപടി**
ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ചികിത്സാ ചെലവ് ഗണ്യമായി വർദ്ധിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ജനങ്ങളുടെ ചികിത്സാ ചെലവ് കുറയ്ക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദീകരിക്കാമോ; | (ബി) | സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെത്തുന്ന ബി.പി.എൽ. വിഭാഗം രോഗികൾക്ക് ചികിത്സ പൂർണ്ണമായും സൗജന്യമായും എ.പി.എൽ. വിഭാഗം രോഗികൾക്ക് നാമമാത്രമായ തുക മാത്രം ഫീസീടാക്കിയും മികച്ച ചികിത്സ നൽകി വരുന്നു. കൂടാതെ സർക്കാരിന്റെ വിവിധ ചികിത്സാ പദ്ധതികളായ ആർ.എസ്.ബി.വൈ, കാരുണ്യ ബെനവലന്റ് ഫണ്ട്, ക്യാൻസർ സുരക്ഷാപദ്ധതി, സുകൃതം തുടങ്ങിയവയിൽ ഉൾപ്പെടുത്തിയും രോഗികൾക്ക് സൗജന്യ ചികിത്സ നൽകി വരുന്നുണ്ട്.<br><br>വാർഷിക വരുമാനം മൂന്നുലക്ഷം രൂപവരെയുള്ള രോഗികൾക്ക് ആരോഗ്യവകുപ്പിൽ നിന്നും ചികിത്സാധനസഹായം നൽകുന്നതിനായി സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ എന്ന പദ്ധതി നിലവിലുണ്ട്. സംസ്ഥാന സർക്കാർ വാർഷിക ബഡ്ജറ്റിൽ വകയിരുത്തുന്ന ഫണ്ട് ഉപയോഗിച്ച് കാൻസർ രോഗികൾക്കും, വൃക്കരോഗം, ഹൃദ്രോഗം, മസ്തിഷ്കരോഗം, കരൾ രോഗം മുതലായ രോഗങ്ങൾ മൂലം പ്രയാസപ്പെടുന്ന രോഗികൾക്ക് സൊസൈറ്റിയുടെ അംഗീകൃത ആശുപത്രികളിലെ ചികിത്സകൾക്കും ശസ്ത്രക്രിയകൾക്കും അടിയന്തിരമായി സാമ്പത്തിക സഹായം നൽകുകയാണ് സൊസൈറ്റിയുടെ ലക്ഷ്യം.<br><br>ആരോഗ്യവകുപ്പ് മന്ത്രിയുടെ ക്ഷേമനിധിയിൽ നിന്നും 3 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ളവർക്ക് മാരകമല്ലാത്തതും |

| | | | |
|---|---|---|---|
| | | | എസ്.എം.എ.പി. പദ്ധതിയിൽ ഉൾപ്പെടാത്ത മാരകമായ രോഗങ്ങൾക്കും പരമാവധി 2000/- രൂപ ചികിത്സാധനസഹായം അനുവദിക്കുന്നുണ്ട്.<br>ആർ.എസ്.ബി.വൈ - സി.എച്ച്.ഐ.എസ്. എന്ന ഇൻഷുറൻസ് പദ്ധതി വഴി 30,000/- രൂപവരെയും സി.എച്ച്.ഐ.എസ്. പ്ലസ് വഴി 70,000/- രൂപവരെയും രോഗികൾക്ക് സൗജന്യചികിത്സാ സഹായം നൽകുന്നുണ്ട്. ജനറിക് മരുന്നുകൾ ആശുപത്രിയിൽ സൗജന്യമായാണ് നൽകുന്നത്. |
| (സി) | പ്രാഥമികാരോഗ്യരംഗം ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ; | (സി) | ജീവിതശൈലി രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനആരോഗ്യവകുപ്പ് അമൃതം ആരോഗ്യം എന്ന പേരിൽ സംസ്ഥാന ജീവിതശൈലി രോഗനിയന്ത്രണ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിൽ ഊന്നൽ നൽകിയിരിക്കുന്നത് പ്രാഥമിക ആരോഗ്യരംഗത്തെ പ്രധാന സ്ഥാപനങ്ങളായ സാമൂഹികാരോഗ്യകേന്ദ്രം, പ്രാഥമികാരോഗ്യകേന്ദ്രം, കുടുംബക്ഷേമ ഉപകേന്ദ്രം എന്നിവയെ ശക്തിപ്പെടുത്തികൊണ്ട് പ്രസ്തുത കേന്ദ്രങ്ങളിലെല്ലാം ജീവിതശൈലീരോഗനിർണ്ണയ ക്ലിനിക്കുകൾ ആരംഭിക്കുകയും 30 വയസ്സിനു മുകളിൽ പ്രായമായവരെ ജീവിതശൈലീ രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തി രോഗബാധിതരെ കണ്ടെത്തുകയും ചികിത്സയും, മരുന്നും സൗജന്യമായി നൽകി വരികയും ചെയ്യുന്നു. ഇതിന് പുറമേ ആരോഗ്യ ബോധവത്കരണവും പരിശീലനങ്ങളും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് നടപ്പിലാക്കി വരുന്നു. |
| (ഡി) | സംസ്ഥാനത്ത് ക്യാൻസർ രോഗം അതിവേഗം പടർന്നുപിടിക്കുന്ന സാഹചര്യം അതിജീവിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാനത്ത് കാൻസർ രോഗനിയന്ത്രണത്തിനായി നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആർ.സി.സി.യുടെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസ്സോസിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയുമായി സഹകരിച്ച് സംസ്ഥാനത്തൊട്ടാകെ കാൻസർ ബോധനക്ലാസ്സുകളും കാൻസർ നിർണ്ണയ ക്യാമ്പുകളും സംഘടിപ്പിച്ചു വരുന്നു. കൊല്ലം, എറണാകുളം, പാലക്കാട്, കണ്ണൂർ, പത്തനംതിട്ട എന്നി സ്ഥലങ്ങളിൽ ആർ.സി.സി.യുടെ ഉപകേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിലും ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.<br>കുടുംബശ്രീയും ആർ.സി.സി.യും സംയുക്തമായി നടപ്പാക്കുന്ന 'സ്വാസ്ഥ്യം' പദ്ധതി പ്രകാരം കേരളത്തിലുടനീളം കാൻസർ ബോധവത്കരണം, മുൻകൂർ രോഗനിർണ്ണയ പരിശോധനകൾ എന്നിവ നടപ്പിലാക്കാൻ കഴിയും. |

| | | | |
|---|---|---|---|
| (ഇ) | ക്യാൻസർ രോഗബാധിതർക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ? | (ഇ) | കാൻസർ രോഗബാധിതർക്കായി നടപ്പിലാക്കിയിട്ടുള്ള ക്ഷേമപദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. കാൻസർ സുരക്ഷ : 18 വയസ്സു വരെയുള്ള കാൻസർ ബാധിതരായിട്ടുള്ള കുട്ടികൾക്ക് കാൻസർ ചികിത്സ എ.പി.എൽ, ബി.പി.എൽ. ബാധകമല്ലാതെ പൂർണ്ണമായും സൗജന്യമായി നൽകുന്നതാണ് ഈ പദ്ധതി.<br>2. താലോലം : 18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് കാൻസർ അല്ലാത്ത എന്നാൽ കാൻസർ ചികിത്സ പോലെ ചെലവേറിയ ചികിത്സകൾക്ക് 50,000 രൂപ വരെയുള്ള സൗജന്യ ചികിത്സ ഈ പദ്ധതി പ്രകാരം ലഭ്യമാകും.<br>3. പട്ടിക വർഗ്ഗക്കാർക്കു സൗജന്യ കാൻസർ ചികിത്സ നൽകി വരുന്നുണ്ട്.<br>4. എൻഡോസൾഫാൻ ബാധിതർക്കായുള്ള സ്നേഹസാന്ത്വനം സൗജന്യ ചികിത്സാപദ്ധതി<br>5. സമഗ്ര ആരോഗ്യ ഇൻഷ്വറൻസിന്റെ "ചിസ്സ് പ്ലസ്സ്" - ഇതു പ്രകാരം 70,000 രൂപ വരെ ചികിത്സാസഹായം ലഭിക്കും.<br>6. കാരുണ്യ ബനവലന്റ് ഫണ്ട് : ഈ പദ്ധതി പ്രകാരം 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കാൻസർ രോഗികൾക്ക് 2 ലക്ഷം രൂപവരെ ചികിത്സാ സഹായം ലഭിക്കും.<br>7. കാൻസർ രോഗികൾക്ക് 1000 രൂപ പ്രതിമാസ പെൻഷൻ സംസ്ഥാന സർക്കാർ അനുവദിക്കുന്നുണ്ട്.<br>8. പട്ടികജാതി വികസന വകുപ്പിൽ നിന്നും പട്ടികജാതിയിൽപ്പെട്ട കാൻസർ രോഗികൾക്ക് ധനസഹായം നൽകുന്നുണ്ട്.<br>9. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും കാൻസർ രോഗികൾക്ക് ധനസഹായം നൽകുന്നു.<br>10. ആരോഗ്യവകുപ്പിന്റെ കീഴിലുള്ള "Society for Poor" എന്ന പദ്ധതി പ്രകാരം ചികിത്സാസഹായം നൽകിവരുന്നു.<br>11. സുകൃതം : ബി.പി.എൽ. വിഭാഗത്തിലുള്ള കാൻസർ രോഗികൾക്ക് മൂന്ന് ലക്ഷം രൂപവരെയുള്ള ചികിത്സ സൗജന്യമായി നൽകുന്നു. |

സെക്ഷൻ ഓഫീസർ